പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 239

# 2025- ലെ തെരുവോര പുനരധിവാസ ബിൽ

(ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ, എം. എൽ. എ. നോട്ടീസ് നൽകിയത്)

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2025

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

# 2025- ലെ തെരുവോര പുനരധിവാസ ബിൽ

(ശ്രീ. ഇ. ടി.  ടൈസൺ മാസ്റ്റർ,  എം. എൽ. എ. നോട്ടീസ് നൽകിയത്)

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 239

# 2025-ലെ തെരുവോര പുനരധിവാസ ബിൽ

(ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ, എം. എൽ. എ. നോട്ടീസ് നൽകിയത്)

## തെരുവോരങ്ങളിൽ ഒറ്റയ്ക്കും കുടുംബമായും ജീവിക്കുന്നവരെ കണ്ടെത്തി പുനരധിവസിപ്പിക്കുകയും അവർക്ക് ഉപജീവനവും വരുമാനവും ഉറപ്പാക്കുന്നതിനും വേണ്ടി ഒരു ബോർഡ് രൂപീകരിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്ന

ഒരു

ബിൽ

പീഠിക.—തെരുവോരങ്ങളിൽ ഒറ്റയ്ക്കും കുടുംബമായും ജീവിക്കുന്നവരെ കണ്ടെത്തി പുനരധിവസിപ്പിക്കുകയും അവർക്ക് ഉപജീവനവും വരുമാനവും ഉറപ്പാക്കുന്നതിനും വേണ്ടി ഒരു നിയമം ഉറപ്പുവരുത്തേണ്ടത് യുക്തമായതിനാൽ;

ഭാരതത്തിന്റെ എഴുപത്തിയാറാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും.—(എ) ഈ ആക്റ്റിന് '2025-ലെ തെരുവോര പുനരധിവാസ ആക്റ്റ്' എന്ന് പേര് പറയാം.

(ബി) ഇതിന് കേരള സംസ്ഥാനം മുഴുവനും വ്യാപ്തി ഉണ്ടായിരിക്കുന്നതാണ്.

(സി) ഈ ആക്റ്റിലെ വ്യവസ്ഥകൾ സർക്കാർ വിജ്ഞാപനംവഴി നിശ്ചയിക്കുന്ന തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവചനങ്ങൾ.—ഈ ആക്റ്റിൽ സന്ദർഭം മറ്റ് വിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(എ) "വിജ്ഞാപനം" എന്നാൽ ഈ ആക്റ്റ് അനുസരിച്ച് ഗസറ്റിൽ പ്രസിദ്ധീകരിക്കപ്പെട്ട ഒരു വിജ്ഞാപനം എന്ന് അർത്ഥമാകുന്നു;

(ബി) "വകുപ്പ്" എന്നാൽ ആക്റ്റിലെ വകുപ്പ് എന്നർത്ഥമാകുന്നു;

(സി) "സർക്കാർ" എന്നാൽ കേരള സർക്കാർ എന്ന് അർത്ഥമാകുന്നു;

(ഡി) "ബോർഡ്" എന്നാൽ ഈ ആക്ടിലെ മൂന്നാം വകുപ്പ് പ്രകാരം രൂപീകരിച്ചിട്ടുള്ള തെരുവോര പുനരധിവാസ ബോർഡ് എന്ന് അർത്ഥമാകുന്നു;

(ഇ) "തദ്ദേശാധികാര സ്ഥാപനങ്ങൾ" എന്നാൽ 1994-ലെ കേരള പഞ്ചായത്ത് രാജ് /മുനിസിപ്പാലിറ്റി ആക്റ്റ് പ്രകാരം രൂപീകരിക്കപ്പെട്ട ഒരു ഗ്രാമപഞ്ചായത്ത് അല്ലെങ്കിൽ ഒരു മുനിസിപ്പൽ കൗൺസിൽ അല്ലെങ്കിൽ ഒരു മുനിസിപ്പൽ കോർപ്പറേഷൻ എന്നർത്ഥമാകുന്നു;

(എഫ് ) "ജില്ലാ പഞ്ചായത്ത് " എന്നാൽ 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് പ്രകാരം രൂപീകരിക്കപ്പെട്ട ജില്ലാപഞ്ചായത്ത് എന്നർത്ഥമാകുന്നു;

(ജി) "മുനിസിപ്പാലിറ്റി" എന്നാൽ 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് പ്രകാരം രൂപീകരിക്കപ്പെട്ട ഒരു ടൗൺ/മുനിസിപ്പൽ കൗൺസിൽ/മുനിസിപ്പൽ കോർപ്പറേഷൻ എന്നർത്ഥമാകുന്നു;

(എച്ച്) "ഗ്രാമ പഞ്ചായത്ത് " എന്നാൽ 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് 4-ാം വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട ഒരു ഗ്രാമപഞ്ചായത്ത് എന്നർത്ഥമാകുന്നു;

(ഐ) "കളക്ടർ " എന്നാൽ ജില്ലാ കളക്ടർ എന്നർത്ഥമാകുന്നു;

(ജെ) "ജില്ലാതല അതോറിറ്റി" എന്നാൽ ഈ ആക്ടിലെ 5- ാം വകുപ്പ് പ്രകാരം രൂപീകരിച്ച ജില്ലാതല അതോറിറ്റി എന്നർത്ഥമാകുന്നു.

3. തെരുവോരനിവാസി പുനരധിവാസ ബോർഡ് രൂപീകരണം.—ഗസറ്റ് വിജ്ഞാപനം വഴി നിർദ്ദേശിക്കുന്ന തീയതി മുതൽ പ്രാബല്യത്തോട് കൂടി തെരുവോരങ്ങളിൽ അലയുകയും ഉപജീവനം നടത്തുകയും ചെയ്യുന്ന ആളുകളെ പുനരധിവസിപ്പിക്കുകയും, അവരെ ശാക്തീകരിക്കുകയും ചെയ്യുന്നതിന് ആവശ്യമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിനും, പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതിനും തെരുവോര പുനരധിവാസ ബോർഡ് എന്ന പേരിൽ ബോർഡ് രൂപീകരിക്കാവുന്നതാണ്.

4. ബോർഡിന്റെ ആസ്ഥാനവും അധികാരങ്ങളും.—ബോർഡ് ഗസറ്റ് വിജ്ഞാപനത്തിലൂടെ പന്ത്രണ്ടംഗ ഭരണസമിതിയെ നിയമിക്കേണ്ടതും അതിൽ നിർബന്ധമായും മൂന്ന് നിയമസഭാ സാമാജികരും, സർക്കാർ നിർദ്ദേശിക്കുന്ന താഴെപ്പറയുന്ന അംഗങ്ങളും ഉണ്ടായിരിക്കേണ്ടതുമാണ് :—

I. സംസ്ഥാന ആഭ്യന്തരവകുപ്പുമന്ത്രി.

II. സംസ്ഥാന തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി.

III. സംസ്ഥാന സാമൂഹ്യ നീതി വകുപ്പുമന്ത്രി.

IV. സംസ്ഥാന ആഭ്യന്തരവകുപ്പ് സെക്രട്ടറി.

V. സംസ്ഥാന തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറി.

VI. സംസ്ഥാന തദ്ദേശ സ്വയംഭരണ വകുപ്പ് ഡയറക്ടർ.

VII. സർക്കാർ നിർദ്ദേശിക്കുന്ന രണ്ട് പൊതുപ്രവർത്തകർ.

ബോർഡിലെ അംഗങ്ങളിൽ നിന്നും ഒരാളെ ചെയർമാനായോ/ ചെയർപേഴ്സനായോ സർക്കാരിന് നാമനിർദ്ദേശം ചെയ്യാവുന്നതാണ്. ആക്റ്റിൽ നിർദ്ദേശിച്ചിരിക്കുന്ന രീതിയിൽ നിക്ഷിപ്തമായിരിക്കുന്ന അധികാരത്തോടെ താഴെപ്പറയുന്ന പ്രകാരം ഭരണം നടത്തേണ്ടതാണ്:—

(എ) തെരുവോരങ്ങളിൽ ഒറ്റയ്ക്കും കുടുംബമായും ജീവിക്കുന്നവരെ കണ്ടെത്തി പുനരധിവസിപ്പിക്കുകയും അവർക്ക് ഉപജീവനവും, അവരെ ശാക്തീകരിക്കുകയും ചെയ്യുന്നതിന് വിശദമായ പഠനം നടത്തി നടപടികൾ സ്വീകരിക്കുക.

(ബി) ആധാർ ഉൾപ്പെടെയുള്ള ആധികാരിക രേഖകൾ ഇല്ലാത്തവർക്ക് ആയത് ലഭ്യമാക്കി എല്ലാ അവകാശങ്ങളും ഉള്ള ഇന്ത്യൻ പൗരനായി ജീവിക്കുന്നതിന് സഹായിക്കുക.

5. ജില്ലാതല അതോറിറ്റിയുടെ രൂപീകരണവും ഘടനയും.—(1) സർക്കാർ വിജ്ഞാപനം വഴി ഈ ആക്റ്റ് നിലവിൽവന്നതിന് ശേഷം എത്രയുംവേഗം സംസ്ഥാനത്തെ ഓരോ ജില്ലക്കു വേണ്ടിയും നിർദ്ദേശിക്കുന്ന പ്രകാരമുള്ള ഓരോ അതോറിറ്റി രൂപീകരിക്കേണ്ടതാണ്.

(2) ഓരോ ജില്ലാതല അതോറിറ്റിയിലും താഴെപ്പറയുന്ന പ്രകാരത്തിലുള്ള അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ് :—

(എ) ജില്ലാ കളക്ടർ;

(ബി) ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്;

(സി) ജില്ലയിൽ നിന്നുള്ള നിയമസഭാ സമാജികർ;

(ഡി) ജില്ലാ സാമൂഹ്യക്ഷേമ വകുപ്പ് ഓഫീസർ ;

(ഇ) ജില്ലാ ശിശുക്ഷേമ വികസന വകുപ്പ് ഓഫീസർ.

(3) ജില്ലാ കളക്ടർ ജില്ലാതല അതോറിറ്റിയുടെ ചെയർമാനും ജില്ലാ സാമൂഹ്യക്ഷേമ വകുപ്പ് ഓഫീസർ കൺവീനറുമായിരിക്കുന്നതാണ്.

6. <u>ജില്ലാതല അതോറിറ്റിയുടെ അധികാരങ്ങളും കർത്തവ്യങ്ങളും</u>.—ഈ ആക്റ്റിലെ വ്യവസ്ഥകൾക്കും ചട്ടങ്ങൾക്കും വിധേയമായി ജില്ലാതല അതോറിറ്റിക്ക് താഴെപ്പറയുന്ന അധികാരങ്ങളും കർത്തവ്യങ്ങളും ഉണ്ടായിരിക്കുന്നതാണ്:—

(i) ജില്ലാതല മീറ്റിങ്ങുകൾ വിളിച്ചുചേർത്ത് എല്ലാ മാസവും അവലോകനവും പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതിനെ കുറിച്ച് വേണ്ട നിർദ്ദേശങ്ങളും നൽകുക.

(ii) ഈ ആക്റ്റ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിക്കുകയും ചുമതലകൾ നിർവ്വഹിക്കുകയും ചെയ്യുക.

(iii) ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിനുവേണ്ടിയുള്ള മറ്റേതെങ്കിലും സംഗതിയെക്കുറിച്ച് ഉപദേശം നൽകുക.

7. <u>പ്രാദേശികതല സംഘാടകസമിതിയുടെ രൂപീകരണം</u>.—(1) ഗ്രാമപഞ്ചായത്തുകളിൽ താഴെപ്പറയുന്ന അംഗങ്ങളെ ഉൾപ്പെടുത്തി ഒരു സംഘാടകസമിതി രൂപീകരിക്കേണ്ടതാണ് : —

(എ) ബന്ധപ്പെട്ട ബ്ലോക്ക്പഞ്ചായത്ത് പ്രസിഡന്റ്/മുനിസിപ്പൽ ചെയർമാൻ/ ചെയർപേഴ്സൺ/ മുനിസിപ്പൽ കോർപ്പറേഷൻ മേയർ;

(ബി) പ്രസ്തുത പ്രദേശത്തെ ബ്ലോക്ക്പഞ്ചായത്ത്/മുനിസിപ്പൽ/കോർപ്പറേഷൻ സെക്രട്ടറി;

(സി) പ്രസ്തുത പ്രദേശത്തെ വില്ലേജ് ഓഫീസർമാർ;

(ഡി) പ്രസ്തുത പ്രദേശത്തെ ശിശുക്ഷേമ വികസന വകുപ്പ് ഓഫീസർ;

(ഇ) പ്രദേശത്തെ തദ്ദേശ സ്വയംഭരണ അധികാര സ്ഥാപനത്തിലെ ഭരണ സമിതി നിശ്ചയിക്കുന്ന 3 പൊതുപ്രവർത്തകർ;

(എഫ്) തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ അംഗങ്ങളിൽനിന്നും ഭരണ സമിതി നിർദ്ദേശിക്കുന്ന 3 അംഗങ്ങൾ.

(2) ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ പ്രസിഡന്റ്/ചെയർപേഴ്സൺ/ ചെയർമാൻ/ മേയർ അതത് സംഗതിപോലെ സമിതിയുടെ ചെയർമാനായിരിക്കേണ്ടതും പഞ്ചായത്ത്/മുനിസിപ്പൽ/കോർപ്പറേഷൻ സെക്രട്ടറി അതത് സംഗതിപോലെ കൺവീനറായിരിക്കേണ്ടതുമാണ്.

(3) ചെയർമാൻ നിശ്ചയിക്കുന്ന സ്ഥലത്തും, സമയത്തും അതോറിറ്റിയുടെ യോഗം ചേരേണ്ടതും ഈ ആക്റ്റ് പ്രകാരം ഏൽപ്പിച്ചുകൊടുക്കാവുന്ന അധികാരങ്ങളും കർത്തവ്യങ്ങളും നിർവ്വഹിക്കേണ്ടതുമാണ്.

8. <u>പ്രാദേശികതല സംഘാടകസമിതിയുടെ അധികാരങ്ങളും കർത്തവ്യങ്ങളും.</u>—(i) ജില്ലാ തലത്തിൽ തെരുവോരങ്ങളിൽ താമസിക്കുന്നവരുടെ വിവരശേഖരണവും, അവരുടെ പുനരധിവാസത്തെക്കുറിച്ച് പഠിച്ച് പ്രോജക്ടുകൾ തയ്യാറാക്കുകയും സർക്കാരിൽ സമർപ്പിച്ച് തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യുക.

(ii) പ്രാദേശികതലത്തിൽ മീറ്റിങ്ങുകൾ വിളിച്ചുചേർത്ത് എല്ലാ മാസവും അവലോകനവും പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതിനെക്കുറിച്ച് വേണ്ട നിർദ്ദേശങ്ങളും നൽകുക.

(iii) ഈ ആക്റ്റ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിക്കുകയും ചുമതലകൾ നിർവ്വഹിക്കുകയും ചെയ്യുക;

(iv) ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിനുവേണ്ടിയുള്ള മറ്റേതെങ്കിലും സംഗതിയെകുറിച്ച് ഉപദേശം നൽകുക.

9. <u>ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും നിയമനങ്ങൾ.</u>—ഈ ആക്റ്റ് പ്രകാരം സർക്കാരിന്റെ ചുമതലകളും കർത്തവ്യങ്ങളും നിർവഹിക്കുന്നതിന് ബോർഡിന് ഒരു സെക്രട്ടറിയെയും ആവശ്യമെങ്കിൽ അവർ കരുതുന്ന അത്ര മറ്റ് ഉദ്യോഗസ്ഥരെയും നിയമിക്കാവുന്നതാണ്.

10. <u>ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം.</u>—(എ) സർക്കാറിന് ഗസറ്റ് വിജ്ഞാപനം വഴി ആക്റ്റിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിന് വേണ്ട ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(ബി) ഈ ആക്റ്റ് പ്രകാരം ഉണ്ടാക്കിയ ഏതൊരു ചട്ടവും അതുണ്ടാക്കിയ ശേഷം കഴിയുന്നത്ര വേഗം നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ സഭ മുമ്പാകെ ഒരു സമ്മേളനത്തിലെ തുടർച്ചയായുള്ള രണ്ട് സമ്മേളനങ്ങളിലോ പെടാവുന്ന ആകെ 14 ദിവസക്കാലത്തേയ്ക്ക് വയ്ക്കേണ്ടതും അപ്രകാരം അത് ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ തൊട്ടടുത്ത വരുന്ന സമ്മേളനമോ അവസാനിക്കുന്നതിനു മുമ്പ് നിയമസഭ ചട്ടങ്ങളിൽ ഏതെങ്കിലും ഭേദഗതി വരുത്തുകയോ അല്ലെങ്കിൽ ചട്ടം ഉണ്ടായിരിക്കേണ്ടതില്ല എന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം ചട്ടത്തിന് അതിനുശേഷം അതത് സംഗതി പോലെ അങ്ങനെ ഭേദഗതി ചെയ്ത രൂപത്തിൽ മാത്രം പ്രാബല്യം ഉണ്ടായിരിക്കുന്നതോ അഥവാ യാതൊരു പ്രാബല്യവും ഇല്ലാതിരിക്കുന്നതോ ആകുന്നു എന്നിരുന്നാലും ഇങ്ങനെയുള്ള ഏതെങ്കിലും ഭേദഗതിപ്പെടുത്തലോ ദുർബലപ്പെടുത്തലോ ആ ചട്ടപ്രകാരം മുമ്പ് ചെയ്തതായ യാതൊന്നിന്റെയും സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിൽ ആയിരിക്കേണ്ടതുമാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

സർക്കാർ ആസൂത്രണം ചെയ്യുന്ന എല്ലാ പദ്ധതികളും പരിപാടികളും നിയമങ്ങളും ഏറ്റവും ദരിദ്രരായ കുടുംബങ്ങൾക്ക് എത്രത്തോളം പ്രയോജനപ്പെടുന്നു എന്നുള്ളത് ജനാധിപത്യത്തിൽ പരമപ്രധാനമായ വിഷയമാണ്. കേരളത്തിലെ നിലവിലെ സാമൂഹിക

അവസ്ഥയിൽ പരിഹരിക്കേണ്ട പ്രധാന പ്രശ്നങ്ങളിൽ ഒന്നാണ് തലചായ്ക്കാൻ ഒരു കൂരയില്ലാതെ തെരുവോരങ്ങളിൽ ഒറ്റക്കും കൂട്ടായും നിരാലംബരായി നടക്കുന്ന സാമ്പത്തികമായും സാമൂഹികപരമായും ഏറ്റവും പിന്നാക്കം നിൽക്കുന്ന മനുഷ്യർ. ഇവരുടെ കൃത്യമായ വിവരങ്ങൾ ശേഖരിച്ച് ആവശ്യമായ സാമൂഹികവും സാമ്പത്തികവും വിദ്യാഭ്യാസപരവും സാംസ്കാരികവുമായ ശാക്തീകരണം നൽകേണ്ടത് ജനാധിപത്യത്തെ സംരക്ഷിക്കുന്ന ഏതൊരു സർക്കാരിന്റെയും അടിയന്തര പദ്ധതിയായിരിക്കണം. ഈ കൂട്ടത്തിലെ കുട്ടികൾക്ക് ഔപചാരിക വിദ്യാഭ്യാസം നൽകുന്നതിനും, ഇവർക്ക് ആധാർ, റേഷൻ കാർഡ്, തെരഞ്ഞെടുപ്പ് തിരിച്ചറിയൽ കാർഡ് ഉൾപ്പെടെയുള്ള ആധികാരിക രേഖകൾ അവരുടെ അരികിൽ ചെന്ന് അത് നൽകുന്നതിനും, എല്ലാ അവകാശങ്ങളുമുള്ള ഇന്ത്യൻ പൗരനായി ജീവിക്കുന്നതിന് സഹായിക്കുന്നതിനും, ഇവരുടെ ഉപജീവനത്തിനും വാസസ്ഥലമൊരുക്കുന്നതിനുമുള്ള പദ്ധതികളും അടിയന്തര സഹായങ്ങൾ നൽകുന്നതിനും സർക്കാരിന് കഴിയേണ്ടതുണ്ട്. ഇതിനാവശ്യമായ പദ്ധതികളും പരിപാടികളും തയ്യാറാക്കി നടപ്പിൽ വരുത്തുന്നതിന് വേണ്ട സജ്ജീകരണം ഒരുക്കുന്നതിന് ഒരു നിയമം ആവശ്യമായി വരികയാണ്. ഇത് ഉദ്ദേശിച്ചാണ് ഈ ബിൽ രൂപീകരിച്ചിട്ടുള്ളത്.

## ധനകാര്യമെമ്മോറാണ്ടം

ബില്ലിലെ വ്യവസ്ഥകൾക്കനുസരിച്ച് തെരുവോര നിവാസി പുനരധിവാസ ബോർഡ് നിലവിൽ വരികയും പ്രവർത്തനക്ഷമമാവുകയും ചെയ്യുമ്പോൾ മാത്രമേ ഇതിന് വേണ്ടിവരുന്ന സാമ്പത്തിക ബാധ്യത എത്രയെന്ന് കണക്കാക്കാൻ കഴിയുകയുള്ളൂ. എങ്കിലും ബോർഡിന്റെ പ്രാരംഭ ചെലവുകൾക്ക് ഒരു കോടി രൂപ സഞ്ചിത നിധിയിൽ നിന്നും ചെലവ് പ്രതീക്ഷിക്കുന്നു.

## ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണ അധികാരം സംബന്ധിച്ച മെമ്മോറാണ്ടം

ബില്ലിലെ വ്യവസ്ഥകൾ പ്രകാരം സർക്കാരിന് ഗസറ്റ് വിജ്ഞാപനം വഴി ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിനുള്ള ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്. ഈ ആക്റ്റ് അനുസരിച്ച് ഉണ്ടാക്കുന്ന ചട്ടങ്ങൾ സഭയുടെ മുമ്പാകെ വയ്ക്കേണ്ടതാണ്. സഭയ്ക്ക് അത് അംഗീകരിക്കാനും ഭേദഗതി ചെയ്യുന്നതിനുള്ള അധികാരം ഉണ്ടായിരിക്കുന്നതാണ് . ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം നൽകിയിട്ടുള്ളത് നടപടിക്രമങ്ങളെ സംബന്ധിക്കുന്നതോ ദൈനംദിന ഭരണകാര്യങ്ങളെ സംബന്ധിക്കുന്നതോ ആയ കാര്യങ്ങൾക്കാണ്. ആയതിനാൽ ഏൽപ്പിച്ചു കൊടുക്കപ്പെട്ട നിയമനിർമ്മാണ അധികാരം സാധാരണ സ്വഭാവത്തിലുള്ളതാണ്.

ഇ. ടി. ടൈസൺ മാസ്റ്റർ, എം. എൽ. എ.